


**സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി**

**പൊതുവിദ്യാഭ്യാസ വകുപ്പ് - കേരള സർക്കാർ**

# 2025-26

# വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ. എൽ.പി. സ്കൂൾ കാരയാട്

പാണപ്പുഴ പി.ഒ മാടായി സബ്ജില്ല

# ജി. എൽ. പി. എസ്. കാരയാട്

കടന്നപ്പള്ളി-പാണപ്പുഴ വില്ലേജിൽ 1955-ൽ ഈ വിദ്യാലയം സ്ഥാപിതമായി. ഏകാധ്യാപക വിദ്യാലയമായി തുടങ്ങി. പിന്നീട് നല്ലവരായ നാട്ടുകാരുടെ സഹായത്തോടെ 1988 ൽ 91 സെന്റ് സ്ഥലം വാങ്ങി. 1987-ൽ രണ്ട് ക്ലാസ് മുറിയും പിന്നീട് 1997 ൽ രണ്ട് ക്ലാസ്മുറികളും 2020 ൽ പുതിയ കെട്ടിടവുംഅനുവദിച്ചു.

2025-26 അധ്യയന വർഷത്തിൽ 76 കുട്ടികളും പ്രധാനാധ്യാ പികയും മൂന്ന് അധ്യാപകരും ഒരു പ്രീപ്രൈമറി അദ്ധ്യാപികയും വിദ്യാലയത്തിൽ ജോലി ചെയ്ത് വരുന്നു. പ്രീപ്രൈമറിയിൽ 12 കുട്ടികളും പ്രൈമറിയിൽ 64 കുട്ടികളും നിലവിൽ പഠിക്കുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ മികവ് തെളിയിച്ചിട്ടുണ്ട്.2024-2 5 ൽ 7 കുട്ടികൾക്ക് LSS ലഭിച്ചിട്ടുണ്ട്.

# ആമുഖം

## പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം, എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന കാരയാട് ഗവ: എൽ .പി . സ്കൂൾ സജീവമായ പി.ടി.എ. എം. പി.ടി.എ.എസ് ആർ.ജി രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിൻറെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡണ്ട് | ഹെഡ്മിസ്ട്രസ്

എം പി ടി എ പ്രസിഡണ്ട്

GOVT. L. P. SCHOOL (P.O) PANAPUZHA KANNUR 670306 KARAYAD

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം. | മികച്ച ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല ലാബ്പ്രവർത്ത നങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്. |
| മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം. | വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായി ക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടിക ളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാ നമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സും പ്രവർത്തനങ്ങളൊരുക്കാനായിട്ടുണ്ട്. |
| പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് നൽകുന്നു. | കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്ക പ്പെടേണ്ടതുണ്ട്. 15% കുട്ടികളെങ്കിലും പിന്നോ ക്കക്കാരാണ് |
| സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി കൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാ ഹിപ്പിക്കുന്ന വിദ്യാലയം. | I E D കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ i c t യുമായി ബന്ധിപ്പിച്ച് നല്കാൻ പ്രയാസം നേരിടുന്നു . |
| കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യാൻ സാധിച്ചു.<br>കെ -ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട് | |

# പൊതുവായ ലക്ഷ്യങ്ങൾ

1 കുട്ടികളെ വായനയിലും എഴുത്തിലും മികവുള്ളവരാക്കി മാറ്റുക

2 കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക

3.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെ ത്തിക്കാനുള്ള പരിശ്രമം.

4.കുട്ടികളെ മലയാളത്തിലേതുപോലെ ഇംഗ്ലീഷിലും എഴുത്തും വായനയും സംഭാഷണവും പ്രോത്സാഹിപ്പിക്കുക.

5.എൽ.എസ്.എസ് പരീക്ഷകളിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കാനും വിജയത്തിലെത്തിക്കുവാനുമുള്ള പരിശ്രമം

6.കലാ-കായിക-ശാസ്ത്ര പ്രവൃത്തി പരിചയമേളകളിൽ പങ്കെടുപ്പിക്കാനും വിജയം നേടാനും പ്രാപ്തരാക്കുക

7. ഗണിതപഠനം രസകരമാക്കുക

8.ശാസ്ത്രാഭിരുചി വളർത്തുക

9. ലളിതശാസ്ത്ര ലാബുകളുടെ സജ്ജീകരണം.

10.ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നടത്തുക

11. സ്കൂളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം

12.പൊതുവേദികളിലും മറ്റു സദസ്സുകളിലും സങ്കോചമില്ലാതെ സംസാരിക്കാനും അവതരിപ്പിക്കാനുള്ള കഴിവ്

13.കമ്പ്യൂട്ടർ പരിജ്ഞാനം പരിപോഷിപ്പിക്കുക



തീയൽ
ഇഞ്ചിപ്പുളി
ഓലൻ
പത്തിരി
ദോശ
വട്ടയപ്പം
രസവട
ബിരിയാണി
ചീട
പരിപ്പുവട
തൈര്
അവിയൽ
ചമ്മന്തി
അരിയുണ്ട
ഉപ്പേരി
ഓട്ടട
തോരൻ
പൊറോട്ട
അച്ചാർ
ശർക്കരപുരട്ടി
പാൽപ്പായസം
കൊഴുക്കട്ട
ജിലേബി
ഇടിയപ്പം
വെള്ളയപ്പം
അച്ചപ്പം
നെയ്യപ്പം
മോരുംവെള്ളം
മസാലദോശ
പപ്പടം
സംഭാരം
പായസം
കുഴലപ്പം
ഇറച്ചിക്കറി
പഴംപൊരി
അവലോസുണ്ട
തരിക്കഞ്ഞി
രസം
ചായ



# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | കാലയളവ് | ലഭ്യത | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വായനക്കാർഡു കൾ വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം അടിക്കുറിപ്പ്<br>കഥ ബാക്കി പറയൽ<br>ICT സാധ്യത പ്രയോജനപ്പെടുത്തുക | രാവിലെ 9.30 മുതൽ 10 വരെ | ജൂൺ മുതൽ ഡിസംബർ വരെ | പിടിഎ ,BRC | SRG | 500/- |
| 2.കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ | | 6 മാസം | ക്ലാസ് ലൈബ്രറി. സ്കൂൾ ലൈബ്രറി | അദ്ധ്യാപകർ | 1000/- |
| 3.കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | രചനോത്സവം<br>രചനക്കുറിപ്പ് പതിപ്പ്<br>സംഘരചനകൾ<br>പുസ്തകപരിചയം | | 6 മാസം | ക്ലാസ് ലൈബ്രറി. സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ PTA BRC അദ്ധ്യാപകർ | PTA BRC അദ്ധ്യാപകർ | 500/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | കാലയളവ് | ലഭ്യത | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| മലയാളത്തിൽ എഴുത്തിലും വായനയിലും സംസാരത്തിലും കുട്ടികളെ മുന്നോട്ട് കൊണ്ടുവരിക | <u>പത്രവായന</u><br>അക്ഷരങ്ങൾ സ്ഫുടതയോടെ സംസാരിക്കാനും വായനയിൽ തെറ്റുകൂടാതെ വായിക്കാനും ദിവസങ്ങളുടെ പ്രാധാന്യം തിരിച്ചറിയാനും അറിവ് വർദ്ധിപ്പിക്കാനും ദിവസവും രാവിലെ എല്ലാ കുട്ടികൾക്കും വാർത്ത അവതരിപ്പിക്കാൻ അവസരം. പ്രധാന ദിവസങ്ങൾ. സംഭവങ്ങൾ കുറിച്ചുവെക്കാനും അവ ഉൾപ്പെടുത്തി മാസത്തിൽ ക്വിസ്സ് മത്സരങ്ങൾ. പത്രവാർത്ത എഴുതുന്നതിലൂടെ വാർത്തയുടെ ഘടന, തലക്കെട്ട്. ഉള്ളടക്കം എന്നിവ മനസ്സിലാക്കുന്നു. ഇത് പത്രവാർത്തകൾ രചിക്കാൻ കുട്ടികളെ | | 2025-26 അധ്യയന വർഷം | പത്രം | ക്ലാസ്സ് അദ്ധ്യാപകർ | 1500/- |

| | | | | | | |
|---|---|---|---|---|---|---|
| | സഹായിക്കുന്നു, | | | | | |
| ഡയറി | ദിവസവും ഡയറി എഴുതുന്നതിലൂടെ ഒരു ദിവസം നടന്ന സംഭവങ്ങൾ ഓർത്തുവെക്കാൻ, ഡയറിയുടെ ഘടന മനസ്സിലാക്കാൻ | | 2025-26 അധ്യയന വർഷം | | ക്ലാസ്സ് അദ്ധ്യാപകർ | |
| ലൈബ്രറി വായന | ദിവസവും ഉച്ചയ്ക്ക് അര മണിക്കൂർ ലൈബ്രറി വായന. അതിനായി പാഠഭാഗത്തെ തുടർ വായനയ്ക്കുള്ള പുസ്തകങ്ങൾ ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി നിർമ്മാണം. ഇതിലൂടെ അറിവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. കുട്ടികളെ വായനയിൽ മുന്നോട്ട് കൊണ്ടുവരാൻ സഹായിക്കുന്നു. | ദിവസവും ഉച്ചയ്ക്ക് അര മണിക്കൂർ | | പുസ്തകങ്ങൾ | വിദ്യാരംഗം | |

| | | | | | | |
|---|---|---|---|---|---|---|
| വായനാക്കുറിപ്പ് | ലൈബ്രറിയിൽ വായിച്ചതും അല്ലെങ്കിൽ കുട്ടികൾ വായിച്ച കഥകളുടെ / നോവലിന്റെ വായനാക്കുറിപ്പ് തയ്യാറാക്കുന്ന്. വായനാക്കുറിപ്പ് മത്സരം നടത്തുന്നു. നല്ല രീതിയിൽ കുറിപ്പ് എഴുതിയവരെ കണ്ടെത്തി സമ്മാനം നൽകുന്നു. | | ജൂൺ മുതൽ ജനവരി വരെ | പുസ്തകങ്ങൾ | അദ്ധ്യാപകർ | 2500/- |
| നിഘണ്ടു നിർമ്മാണം | കുട്ടിക്കറിയാത്ത ഓരോ യൂണിറ്റിലേയും വാക്കുകൾ കണ്ടെത്തി കുട്ടികൾ നിഘണ്ടു തയ്യാറാക്കുന്നു. | | ആഗസ്റ്റ് മുതൽ ഡിസംബർ | നിഘണ്ടു | അദ്ധ്യാപകർ കുട്ടികൾ | 500/- |
| മാഗസിൻ നിർമ്മാണം | കുട്ടികളുടെ രചനകൾ സമാഹരിച്ച് മാഗസിൻ തയ്യാറാക്കുന്നു | | ഫെബ്രുവരി -മാർച്ച് | കുട്ടികളുടെ രചനകൾ | SRG | 1500/- |




# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഉദ്യാനം നിർമ്മിക്കുക. ശലഭോദ്യാനം, ആമ്പൽ കുളം, ഔഷധ സസ്യ തോട്ടം, പച്ചക്കറി തോട്ട നിർമ്മാണം.<br>പിറന്നാൾ സമ്മാനമായി ചെടിയും ചട്ടിയും<br>നേരറിയാൻ / നേരിട്ടറിയാൻ - ആവാസ വ്യവസ്ഥകൾ പരിചയപ്പെടൽ<br>ചെയ്തു പഠിക്കാൻ<br>1.നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്ര ക്ലാസ് .<br>2.ഹോംലാബ് | ജൂൺ - ജുലൈ<br>ജൂൺ - ജുലൈ<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ |
| 2.ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഗവേഷണങ്ങൾ, കണ്ടെത്തലുകൾ തുടങ്ങിയവ കൂടുതലറിയുക. അറിവ് പങ്കുവയ്ക്കുക<br>3.ശാസ്ത്ര | ശാസ്ത്ര ബോർഡ്<br>-ശാസ്ത്ര ദിനത്തിന്റെ പ്രാധാന്യം അതാത് ദിവസം രാവിലെ രേഖപ്പെടുത്തുന്നു.<br>- ശാസ്ത്ര വീഡിയോകൾ പ്രദർശനം<br>- ശാസ്ത്രമേഖല / കാർഷിക മേഖലയിലെ വ്യക്തികളുമായി അഭിമുഖങ്ങൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | പി. ടി. എ |

| | | | | |
|---|---|---|---|---|
| വിഷയങ്ങളിലേക്കുള്ള താൽപര്യവും മന:ശാസ്ത്രപരമായ ഉൽസാഹവും വളർത്തുക. | -ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിക്കുകയും കുട്ടികളെ അതിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | പി. ടി. എ |
| 4.ഭൂപടങ്ങൾ വരയ്ക്കൽ | . കേരളം, ഇന്ത്യ, പഞ്ചായത്ത് ഭൂപടങ്ങൾ പരിചയപ്പെടൽ. ഏതു സമയത്തും കുട്ടികൾക്ക് ഇത് കാണാനും മനസ്സിലാക്കാനും കഴിയും | ജൂലൈ-ആഗസ്റ്റ് | ശാസ്ത്ര ക്ലബ് | പി. ടി. എ |
| 5. സ്കൂൾ പാർലമെന്റ്<br><br>കുട്ടികളിൽ ജനാധിപത്യബോധവും നേതൃപാടവവും വളർത്താൻ. | . ജനാധിപത്യബോധവും പരസ്പര ബഹുമാനവും നേതൃപാടവവും വളർത്തിയെടുക്കാൻ യഥാർത്ഥ തെരഞ്ഞെടുപ്പ് മാതൃകയിൽ സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് നടത്തൽ | ജൂൺ | ശാസ്ത്ര ക്ലബ് / ക്ലാസ് അധ്യാപകർ | പി. ടി. എ |
| 6.ലഹരി ബോധവൽക്കരണ ക്ലാസ് | . ലഹരി വസ്തുക്കളുടെ ദോഷങ്ങളെ പറ്റി കുട്ടികളേയും രക്ഷിതാക്കളേയും ബോധവൽക്കരിക്കുന്നു. ഈ രംഗത്തെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. | ജൂൺ | ക്ലാസ് അധ്യാപകർ | |


| | | | | |
|---|---|---|---|---|
| 7.പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ. | പൊതു സ്ഥാപനങ്ങളായ വായനശാലകൾ, ആശുപത്രി, പോസ്റ്റോഫീസ്, സൊസൈറ്റി എന്നിവ സന്ദർശിച്ച് സേവനങ്ങൾ മനസ്സിലാക്കൽ | ആഗസ്റ്റ്-സെപ്റ്റംബർ | ശാസ്ത്ര ക്ലബ് അധ്യാപകർ | പി.ടി.എ |
| 8.ആരോഗ്യവും ആരോഗ്യ പരിപാലനവും | കുടിവെള്ളം വൃത്തിയായും ശുചിയായും സൂക്ഷിക്കാനും, വ്യക്തി ശുചിത്വവും, ക്ലാസ് മുറി, പരിസരം എന്നിവ വൃത്തിയായി സൂക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ | പി.ടി.എ |
| 9.ശാസ്ത്ര ലൈബ്രറി ഒരുക്കൽ | കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി ഒരുക്കണം. | ജൂൺ – മാർച്ച് | ശാസ്ത്ര ക്ലബ് | പി.ടി.എ |
| 10.ശാസ്ത്ര മാഗസീൻ | ശാസ്ത്ര വർത്തമാനങ്ങൾ, ശാസ്ത്രകൗതുകങ്ങൾ, കുട്ടികളുടെ ശാസ്ത്രരചനകൾ തുടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്ര മാഗസീൻ തയ്യാറാക്കുന്നു | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | പി.ടി.എ |
| 11.ശാസ്ത്ര പ്രശ്നോത്തരി | ശാസ്ത്രം, ചരിത്രം, വർത്തമാനം എന്നിവയും, ദിനാചരണവുമായി ബന്ധപ്പെടുത്തി ക്ലാസ് തലത്തിൽ പ്രശ്നോത്തരി നടത്തുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 12. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ബഹിരാകാശ രഹസ്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ - എന്നിവയുടെ വീഡിയോ പ്രദർശനങ്ങൾ | അക്കാദമിക വർഷം. | ക്ലാസ് അധ്യാപകർ | പി.ടി.എ | |


Words
School
Apostrophe
Prepositions
Exams
Semi-colon
Verbs
Read
Punctuation
Chuckra
Hyphen
11+
English
Mock
Tests
Dash
Learn
Colon
Spelling
Pronoun
Adverb
Noun
Gerund
Writing
Con junction
Test
Practice
Creative
Revise
Period
Writing
Brackets
Parts of
Speech
Grammar
Comprehension
Ellipses
Sentence
Structure

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഇംഗ്ലീഷ് ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക . | മുന്നറിവ് പരിശോധന.<br>-അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>_ വാക്കുകൾ എഴുതൽ.<br>_ വാചകങ്ങൾ നിർമ്മിക്കൽ | ആദ്യ 2 മാസങ്ങൾ | ക്ലാസ് അധ്യാപകർ | പി.ടി.എ |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക | ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന് | ക്ലാസ് അധ്യാപകർ | പി.ടി.എ |
| 3. ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | വീട്ടിലേയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതൽ. | ആഴ്ചയിൽ ഒന്ന് | ക്ലാസ് അധ്യാപകർ | പി.ടി.എ |
| 4.ഇംഗ്ലീഷിലുള്ള ആവിഷ്കാരത്തിന് അവസരം ഒരുക്കൽ. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ബുള്ളറ്റിൻ ഒരുക്കുക.<br>ജൂൺ _ പരിസ്ഥിതി ദിനം.<br>ജൂലൈ - ചാന്ദ്രദിനം.<br>ആഗസ്റ്റ് - സ്വാതന്ത്ര്യ ദിനം.<br>സെപ്റ്റംബർ - ഓണം.<br>ഒക്ടോബർ - ഗാന്ധിജയന്തി . നവംബർ - കേരളപ്പിറവി. ഡിസംബർ - | ഓരോ മാസവും | ക്ലാസ് അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | ക്രിസ്തുമസ്.<br>ജനുവരി- ന്യൂ - ഇയർ | | | |
| 5.ഇംഗ്ലീഷിൽ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കാൻ | ആഴ്ചയിൽ 2 ദിവസം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നൽകൽ | ജൂൺ – മാർച്ച് | സ്പെഷൽ അധ്യാപകർ | പി.ടി.എ |
| 6.ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കുക.<br>സ്കിറ്റ് അവതരണം | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | പി.ടി.എ |


MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | കാലയളവ് | ലഭ്യത | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ | സംഖ്യാകാർഡ് നിർമ്മാണം<br>മഞ്ചാടി സഞ്ചി നിർമ്മാണം<br>ഭിന്ന ശേഷി സൗഹൃദ പ്രവർത്തനങ്ങൾ<br>ഗണിത ക്ലബ്ബ്<br>ഗണിതലാബ്<br>ക്വിസ് മത്സരങ്ങൾ | | വർഷം മുഴുവൻ | BRC | PTA<br>BRC<br>SRG<br>ഗണിത ക്ലബ് | PTA |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | സംഖ്യാകാർഡ് നിർമ്മാണം<br>മഞ്ചാടി സഞ്ചി നിർമ്മാണം<br>ഭിന്ന ശേഷി സൗഹൃദ പ്രവർത്തനങ്ങൾ<br>ഗണിത ക്ലബ്ബ്<br>ഗണിതലാബ്<br>ക്വിസ് മത്സരങ്ങൾ<br>ചതുഷ്ക്രിയകൾ<br>ഗണിതകട<br>ഗണിത പസിലുകൾ | | വർഷം മുഴുവൻ | | PTA<br>BRC<br>SRG<br>ഗണിത ക്ലബ് | PTA |